കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ : PRAKASH.B.S)

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് - ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചുള്ള വോട്ടെടുപ്പിന് അന്ധരോ അവശരോ ആയ സമ്മതിദായകരുടെ വോട്ട് രേഖപ്പെടുത്തൽ - സഹായിയുടെ വിരലിൽ മഷി പുരട്ടുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരമാർശം:- കമ്മീഷന്റെ 14.11.2025 ലെ 74/2025/സം.തി.ക മുതൽ 77/2025/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

**ഉത്തരവ് നം.B2/132/2025-SEC-Part(1)** **തീയതി: 25-11-2025**

**<u>ഉത്തരവ്</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 35 സി, 1994 ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 35 സി പ്രകാരം അന്ധതയോ മറ്റ് ശാരീരിക അവശതയോമൂലം ഒരു സമ്മതിദായകന് പരസഹായം കൂടാതെ വോട്ടിംഗ് യന്ത്രത്തിലെ ബാലറ്റിംഗ് യൂണിറ്റിലെ ചിഹ്നം തിരിച്ചറിയുന്നതിനോ വോട്ടു ചെയ്യുന്നതിനുള്ള ബട്ടൺ അമർത്തി വോട്ടു രേഖപ്പെടുത്തുന്നതിനോ കഴിയുകയില്ലെന്ന് പ്രിസൈഡിംഗ് ആഫീസർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം സമ്മതിദായകനോടൊപ്പം അദ്ദേഹത്തിനുവേണ്ടി അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം വോട്ടു രേഖപ്പെടുത്തുന്നതിന് പതിനെട്ട് വയസ്സിൽ കുറയാത്ത പ്രായമുള്ള ഒരാളിനെ വോട്ടുചെയ്യാനുള്ള അറയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നതിന് അനുവദിക്കാവുന്നതാണെന്നും എന്നാൽ, ഏതൊരാളെയും ഒരേ ദിവസം തന്നെ ഒന്നിലധികം സമ്മതിദായകരുടെ സഹായിയായി ഏതൊരു പോളിംഗ് സ്റ്റേഷനിലും പ്രവർത്തിക്കുന്നതിന് അനുവദിക്കാൻ പാടുള്ളതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, അത്തരത്തിൽ സഹായിയെ അനുവദിക്കുന്ന പക്ഷം, സമ്മതിദായകന്റെ ഇടതു കൈയിലെ ചൂണ്ടുവിരലിൽ മായാത്ത മഷികൊണ്ട് ഒരു അടയാളം ഇടുന്നതിനു പുറമെ സഹായിയുടെ വലതു കൈയിലെ ചൂണ്ടുവിരലിലും മായാത്ത മഷി കൊണ്ട് അടയാളം രേഖപ്പെടുത്തുന്നതിന് ഉത്തരവാകുന്നു.

Signed by
Prakash B S
Date: 25-11-2025 16:19:50

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

എല്ലാ ഉപ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

പ്രിസൈഡിംഗ് ഓഫീസർമാർ (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

പകർപ്പ് :-

പബ്ലിക് റിലേഷൻസ് ഓഫീസർ

ഐ.ടി സെൽ

സ്റ്റാന്റിംഗ് കൗൺസിൽ

കമ്മീഷണറുടെ പി.എസ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in